(ബി) എല്ലാ എ. ഐ. കേന്ദ്രങ്ങളിലും ഇരുചക്ര വാഹനങ്ങളോടു ഘടിപ്പിക്കാവുന്ന രീതിയിൽ പ്രത്യേക റബ്ബർ പാഡിങ്ങോടുകൂടിയ ക്രയിറ്റുകളും ബീജദാനത്തിന് വേണ്ടുന്ന എ. ഐ. ഗൺ, എ. ഐ. ഷീത്ത് മറ്റ് ഉപകരണങ്ങൾ എന്നിവ കൊണ്ടുപോകുന്നതിനുള്ള പ്രത്യേകം തയ്യാർ ചെയ്ത സ്റ്റീൽ ബോക്സ് എന്നിവയും നൽകുന്നു.

(സി) അടുത്ത രണ്ടു മാസത്തോടു കൂടി മേല്പറഞ്ഞ സൗകര്യങ്ങൾ കെ. എൽ. ഡി. ബോർഡ് ഏർപ്പെടുത്തുന്നതാണ്.

"ഗോരക്ഷാ പദ്ധതിയും കുളമ്പുരോഗ പ്രതിരോധവും"

144 [2764] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളമ്പുരോഗത്തിനുള്ള ഗോരക്ഷാ പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഉപയോഗിച്ച മരുന്നിലാണോ, അതോ നടത്തിപ്പി ലാണോ വീഴ്ച വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി & ഡി) ഇല്ല. എങ്കിലും പദ്ധതി നടത്തിപ്പിൽ ചില പോരായ്മകൾ വന്നിട്ടുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ വെളിച്ച ത്തിൽ സർക്കാർ വിദഗ്ദ്ധ സമിതിയെക്കൊണ്ട് അന്വേഷണം നടത്തിക്കുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണവകുപ്പിലെ ചില ഉദ്യോഗസ്ഥർ തെറ്റിദ്ധാരണാപരമായ ചില വാർത്തകൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും ടി വർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുകയും ചെയ്തതുകൊണ്ട് കർഷകരിൽ ആശങ്കയും ഭീതിയും പടരുകയും കന്നുകാലികളെ കുത്തിവയ്ക്കുന്നതിന് വിമുഖത പ്രകടിപ്പിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ദുഷ്പ്രചരണങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഗോരക്ഷാ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നു എന്നതാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ. സമിതിയുടെ പഠനത്തിൽ നിന്നും വ്യക്തമാക്കപ്പെട്ടിട്ടുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

18 ആടുകളും 11 പശുക്കളും മാത്രമാണ് വാക്സിനേഷൻ മൂലം മരണപ്പെട്ടിട്ടുള്ളത് എന്നാണ്. മറ്റു മരണങ്ങളെല്ലാം തന്നെ വ്യക്തമായ ചില രോഗങ്ങൾ മൂലവും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കാതിരുന്ന ചില രോഗബാധകൾ പെട്ടെന്ന് ശക്തിപ്പെട്ടതു മൂലവുമാണ് ഉണ്ടായിട്ടുള്ളത്. വാർത്തകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചില കേസുകളുടെ യഥാർത്ഥ സ്ഥിതി വിശദമായ നിരീക്ഷണത്തിന് വിധേയമാക്കിയതിൽ ആരോപണങ്ങൾ എല്ലാം തന്നെ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി ഉപയോഗിച്ച മരുന്നുമൂലം യാതൊരു തകരാറും ഉണ്ടായിട്ടില്ല. ആരോഗ്യം തീരെ മോശമായ മൃഗങ്ങളിൽ കുത്തിവയ്പ് നടത്തിയപ്പോൾ പ്രതീക്ഷിച്ച തിലും പ്രതികൂലമായ അനുഭവം ഉണ്ടായിട്ടുണ്ട്. അതുപോലെ ചില ആടുകളിൽ വലിയ സൂചി ഉപയോഗിച്ച് കുത്തിവയ്പ് നടത്തിയതും മരണത്തിന് കാരണമാവാം. ബൃഹത്തായ ഈ പ്രതിരോധ കുത്തിവയ്പ് പരിപാടി നടപ്പിലാക്കുമ്പോൾ സംഭവിക്കാൻ സാദ്ധ്യതയുള്ള പാർശ്വഫലങ്ങൾ മാത്രമേ യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളൂ എന്നതാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ. ഒപ്പം ഈ പദ്ധതി തുടർന്നും നടപ്പിലാക്കണമെന്നതാണ് വിദഗ്ദ്ധാഭിപ്രായം.

ആടുവസന്ത രോഗ പ്രതിരോധ നടപടി

145 [2765] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആടുകൾക്ക് "ആടുവസന്ത" എന്ന രോഗം ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ ഭാഗത്താണ് ഈ രോഗം കൂടുതലായി കണ്ടുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ രോഗം തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലം, വിതുര, എറണാകുളം ജില്ലയിൽ മട്ടാഞ്ചേരി, കൊല്ലം ജില്ലയിൽ പത്തനാപുരം എന്നീ സ്ഥലങ്ങളിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly